കേരള സർക്കാർ

സംഗ്രഹം

പിന്നാക്ക വിഭാഗ വികസന വകുപ്പ് - എൽ.ബി.എസ് -ന് കീഴിലുള്ള സ്ഥാപനങ്ങളിൽ പഠിക്കുന്ന ഒ.ബി.സി. വിദ്യാർത്ഥികൾക്കും, കെ.പി.സി.ആർ. വിദ്യാഭ്യാസ ആനുകൂല്യം ലഭിക്കുന്ന ഇതര സമുദായങ്ങളിലെ വിദ്യാർത്ഥികൾക്കും വിദ്യാഭ്യാസാനുകൂല്യം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

=====================================================================

## പിന്നാക്ക വിഭാഗ വികസന (എ) വകുപ്പ്

സ. ഉ. (കൈ)നം. 12/2019/പി.വി.വി.വ. തീയതി, തിരുവനന്തപുരം, 02.07.2019.

=====================================================================

പരാമർശം:
1. സ.ഉ.(കൈ)നം. 55/2017/ഉ.വി.വ, തീയതി 14.02.2017.
2. സ.ഉ.(കൈ)നം. 12/2017/പി.വി.വി.വ, തീയതി 11.07.2017.
3. സ.ഉ.(കൈ)നം. 251/2018/ഉ.വി.വ, തീയതി 15.10.2018.
4. പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ 17.12.2018 -ലെ പി.വി.വി.വ/ബി3/3042/18 നമ്പർ കത്ത്.

## ഉത്തരവ്

പരാമർശം 1-ലെ ഉത്തരവ് പ്രകാരം ഐ.എച്ച്.ആർ.ഡി-യുടെ കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് സർക്കാർ എയ്ഡഡ് പദവി അനുവദിക്കുകയും പരാമർശം 2 ഉത്തരവ് പ്രകാരം ഐ.എച്ച്.ആർ.ഡി -യുടെ കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന ഒ.ബി.സി. വിദ്യാർത്ഥികൾക്കും കെ.പി.സി.ആർ. വിദ്യാഭ്യാസ ആനുകൂല്യം ലഭിക്കുന്ന ഇതര സമുദായങ്ങളിലെ വിദ്യാർത്ഥികൾക്കും 1 ലക്ഷം രൂപ വാർഷിക വരുമാന പരിധിയ്ക്ക് വിധേയമായി വിദ്യാഭ്യാസ ആനുകൂല്യം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു.

2. പരാമർശം 3 -ലെ ഉത്തരവ് പ്രകാരം എൽ.ബി.എസ് -നും അതിന്റെ അനുബന്ധ സ്ഥാപനങ്ങൾക്കും സർക്കാർ എയ്ഡഡ് പദവി നൽകിയിട്ടുണ്ട്. എന്നാൽ ഇത്തരം സ്ഥാപനങ്ങളിലെ വിവിധ കോഴ്സുകളിൽ പഠിക്കുന്ന ഒ.ബി.സി / കെ.പി.സി.ആർ. വിദ്യാഭ്യാസ ആനുകൂല്യത്തിന് അർഹരായ വിദ്യാർത്ഥികൾക്ക് ഫീസ് ആനുകൂല്യം അനുവദിക്കുന്നത് സംബന്ധിച്ച് സ്പഷ്ടീകരണം നൽകണമെന്ന് പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടർ പരാമർശം 4 പ്രകാരം ആവശ്യപ്പെടുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും എൽ.ബി.എസ് -ന് കീഴിലുള്ള സ്ഥാപനങ്ങളിൽ പഠിക്കുന്ന ഒ.ബി.സി. വിദ്യാർത്ഥികൾക്കും, കെ.പി.സി.ആർ. വിദ്യാഭ്യാസ ആനുകൂല്യത്തിന് അർഹരായ ഇതര സമുദായങ്ങളിലെ വിദ്യാർത്ഥികൾക്കും 1 ലക്ഷം രൂപ വാർഷിക വരുമാന പരിധിയ്ക്ക് വിധേയമായി വിദ്യാഭ്യാസ ആനുകൂല്യം അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. കൂടാതെ ഐ.എച്ച്.ആർ.ഡി -യുടെയും എൽ.ബി.എസ് -ന്റെയും സർക്കാർ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സർക്കാർ നിരക്കിലുള്ള ഫീസ് ആനുകൂല്യത്തിന് മാത്രമേ അർഹതയുണ്ടായിരിക്കുകയുള്ളൂ എന്ന് വ്യക്തത വരുത്തിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം),

**സുരേഷ് കുമാർ പി.എൻ**
**അഡീഷണൽ സെക്രട്ടറി**

ഡയറക്ടർ, പിന്നാക്ക വിഭാഗ വികസന വകുപ്പ്, വെള്ളയമ്പലം, തിരുവനന്തപുരം
ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, നന്ദാവനം, തിരുവനന്തപുരം
ഡയറക്ടർ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ റിസോഴ്സസ് ഡെവലപ്മെന്റ് (IHRD), തിരുവനന്തപുരം
ഡയറക്ടർ, എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് & ടെക്നോളജി, തിരുവനന്തപുരം
ഉന്നത വിദ്യാഭ്യാസ വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ

ഇണ്ടാസ് നമ്പർ. ഡി.എ 2/14198/18/എച്ച്.ആർ.ഡി — തീയതി:16.07.2019

ഗവൺമെന്റ് ഉത്തരവിന്റെ പകർപ്പ് എല്ലാ ഐ.എച്ച്.ആർ.ഡി സ്ഥാപനമേധാവികളുടേയും അറിവിലേക്കായി അയയ്ക്കുന്നു.

ഒപ്പ്
ഡയറക്ടർ

പകർപ്പ്

1. ഐ.എച്ച്.ആർ.ഡിയുടെ എല്ലാ സ്ഥാപനമേധാവികൾക്കും
2. ഐ.എച്ച്.ആർ.ഡി വെബ്സൈറ്റ്
3. അഡീഷണൽ ഡയറക്ടർ
4. ഫിനാൻസ് ഓഫീസർ
5. അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
6. ഐ.എച്ച്.ആർ.ഡിയിലെ എല്ലാ സെക്ഷൻ സൂപ്രണ്ടുമാർക്കും
7. ഓഫീസ് ഫയൽ
8. കരുതൽ ഫയൽ

അംഗീകാരത്തോടെ

സീനിയർ സൂപ്രണ്ട്